REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 25-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് മാൽദീവ്സിലെത്തും.**
- **ഇന്ത്യ- UK സ്വതന്ത്ര വ്യാപാര കരാർ, വ്യാപാര- നിക്ഷേപ- തൊഴിൽ മേഖലകളിൽ വൻ നേട്ടമുണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.**
- **സംസ്ഥാനത്ത് ഈ മാസത്തെ ക്ഷേമ പെൻഷൻ വിതരണം ഇന്നാരംഭിക്കും.**
- **സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യത- ആറു ജില്ലകളിൽ ഓറഞ്ച് ജാഗ്രത- ഇടുക്കി, എറണാകുളം ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി. മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.**
- **24 കിലോ ഹൈബ്രിഡ് കഞ്ചാവുമായി കരിപ്പൂർ വിമാനത്താവളത്തിൽ യുവതിയെ പിടികൂടി.**
- **മലബാർ റിവർ ഫെസ്റ്റിവലിന് രാവിലെ കോഴിക്കോട് കോടഞ്ചേരി ചാലിപ്പുഴയിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

UK പര്യടനം പൂർത്തിയാക്കി രണ്ടു ദിവസത്തെ സന്ദർശന ത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മാൽദീവ്സിലെത്തും. പ്രധാനമന്ത്രിയുടെ മൂന്നാം മാൽദീവ് സന്ദർശനമാണിത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).....

മാൽദീവ്സ് പ്രസിഡണ്ട് ഡോ. മുഹമ്മദ് മൊയ്സുവുമായി ഇരുരാജ്യങ്ങൾക്കുമിടയിലെ സമഗ്ര - സാമ്പത്തിക- കടൽ സുരക്ഷാ പങ്കാളിത്തം നരേന്ദ്രമോദി വിലയിരുത്തും. മാൽദീവ്സിന്റെ അറുപതാം സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യാതിഥിയായി അദ്ദേഹം പങ്കെടുക്കും. ഇന്ത്യ-മാൽദീവ്സ് നയതന്ത്ര ബന്ധങ്ങളുടെ അറുപതാം വാർഷികം കൂടിയാണിത്. പ്രധാനമന്ത്രിയുടെ സന്ദർശന വേളയിൽ ഏതാനും ധാരണാപത്രങ്ങളും, കരാറുകളും ഒപ്പുവെയ്ക്കും.

ഇന്നലെ ബ്രിട്ടന്റെ ചാൾസ് മൂന്നാമൻ രാജാവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു. ഉഭയകക്ഷി വിഷയങ്ങളും ഇന്ത്യ- UK ബന്ധങ്ങൾ ശക്തമാക്കുന്നതിനും ആവശ്യമായ വഴികൾ അവർ ചർച്ച ചെയ്തു. ആയുർവേദം, യോഗ, മിഷൻ ലൈഫ് എന്നിവയിൽ ബ്രിട്ടനുമായി സഹകരിക്കാൻ നരേന്ദ്രമോദി സന്നദ്ധത അറിയിച്ചു.

✪✪✪

ഇന്നലെ ഒപ്പുവെച്ച ഇന്ത്യ- UK സ്വതന്ത്ര വ്യാപാര കരാർ, വ്യാപാര- നിക്ഷേപ-തൊഴിൽ മേഖലകളിൽ ചരിത്രപരമായ നേട്ടമുണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ അഭിപ്രായപ്പെട്ടു. ലണ്ടനിലെ പ്രസാർഭാരതി കറസ്പോണ്ടന്റുമായി സംസാരിക്കവെ, കരാർ കർഷകർക്കും, ചെറുകിട ബിസിനസുകാർക്കും MSME മേഖലയ്ക്കും, സ്റ്റാർട്ടപ്പുകൾക്കും ഏറെ പ്രയോജനകരമാകുമെന്ന് ഗോയൽ വിലയിരുത്തി.

കഴിഞ്ഞ മൂന്നു വർഷമായി കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നേരിട്ട് പങ്കാളിത്തം വഹിച്ചിരുന്നതായി പിയൂഷ് ഗോയൽ പറഞ്ഞു.

✪✪✪

സഹകരണ മേഖലയിൽ 50 കോടി സജീവ അംഗങ്ങളെ സൃഷ്ടിക്കാനും സഹകരണ സമിതികളുടെ എണ്ണം 30 ശതമാനം വർധിപ്പിക്കാനുമാണ് പുതിയ സഹകരണ നയത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. സഹകരണ നയം നടപ്പാക്കാൻ മന്ത്രാലയം പൂർണ സജ്ജമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി.

സഹകരണ സ്ഥാപനങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്ന കേന്ദ്രങ്ങളാക്കി മാറ്റാനും ഗ്രാമീണ മേഖലയിലടക്കം വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതിയ സഹകരണ നയം ലക്ഷ്യമിടുന്നു.

✪✪✪

രാജ്യത്തെ 33 ബോയിങ് 787 ഡ്രീംലൈനർ വിമാനങ്ങളിൽ 31 എണ്ണവും പരിശോധിച്ചതായി കേന്ദ്ര സഹമന്ത്രി മുരളീധർ മോഹോൾ ലോക്സഭയെ അറിയിച്ചു. പരിശോധിച്ച വിമാനങ്ങളിൽ എട്ട് എണ്ണത്തിൽ നേരിയ പ്രശ്നങ്ങൾ കണ്ടെത്തിയെന്നും അവ പരിഹരിക്കാൻ നടപടിയെടുത്തതായും അദ്ദേഹം പറഞ്ഞു. മറ്റ് രണ്ടെണ്ണം അറ്റകുറ്റ പണിയിലാണ്.

അഹമ്മദാബാദ് വിമാന ദുരന്തത്തിന്റെ കാരണം എയർക്രാഫ്റ്റ് ഇൻവസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിച്ചു വരികയാണെന്നും, വിമാനത്തിന്റെ ഡാറ്റാ റെക്കോർഡറുകൾ വിദേശത്തേക്ക് അയച്ചിട്ടില്ലെന്നും മോഹോൾ വ്യക്തമാക്കി.

✪✪✪

രാജ്യത്തെ 99.8 ശതമാനം ജില്ലകളിലും 5-G സേവനം ലഭ്യമാക്കിയിട്ടുണ്ടെന്ന് കേന്ദ്ര കമ്മ്യൂണിക്കേഷൻ സഹമന്ത്രി പെമ്മസാനി ചന്ദ്രശേഖർ രാജ്യസഭയെ അറിയിച്ചു. ടെലികോം സേവന ദാതാക്കൾ ഇതിനായി നാല് ലക്ഷത്തി 86,000 ബേസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് രേഖാമൂലം നൽകിയ മറുപടിയിൽ സഹമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഈ മാസത്തെ ക്ഷേമ പെൻഷൻ വിതരണം ഇന്നാരംഭിക്കും. ഇതിന് 831 കോടി രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ ഇന്നലെ അറിയിച്ചിരുന്നു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപവീതം പെൻഷൻ നൽകുന്നത്.

✪✪✪

സ്കൂൾ സമയമാറ്റ വിഷയത്തിൽ വിവിധ സംഘടനകളുമായി മന്ത്രി V ശിവൻകുട്ടി വൈകിട്ട് ചർച്ച നടത്തും. മന്ത്രിയുടെ ചേമ്പറിലാണ് ചർച്ച.

സമയമാറ്റത്തിൽ മതസംഘടനകളുടെ സമ്മർദ്ദത്തിന് വഴങ്ങിയാൽ ശക്തമായ പ്രതിഷേധമുണ്ടാകുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലും MyGov ഓപ്പൺ ഫോറത്തിലും, ടോൾ ഫ്രീ നമ്പറിലും ഇന്ന് കൂടി അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ശക്തമായ മഴസാധ്യത മുൻനിർത്തി ഇന്ന് എല്ലാ ജില്ലകളിലും ജാഗ്രത നിർദേശമുണ്ട്. എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

മഴ കനത്ത സാഹചര്യത്തിൽ ഇടുക്കി, എറണാകുളം ജില്ലകളിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി. കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി കോട്ടയം താലൂക്കുകളിലും അവധി നൽകിയിട്ടുണ്ട്.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിലൂടെ കടത്താൻ ശ്രമിച്ച 24 കിലോയോളം ഹൈബ്രിഡ് കഞ്ചാവുമായി യുവതിയെ എയർ കസ്റ്റംസ് ഇന്റലിജൻസ് പിടികൂടി. ദുബായിൽ നിന്നെത്തിയ കണ്ണൂർ പയ്യന്നൂർ തായിങ്കേരി MTP വീട്ടിൽ മഷൂദ ഷുഹൈബിനെയാണ് കസ്റ്റംസ് അറസ്റ്റ് ചെയ്തത്. അന്താരാഷ്ട്ര വിപണിയിൽ 23 കോടിയിൽപ്പരം രൂപ വിലവരുന്ന കഞ്ചാവാണ് പിടികൂടിയത്. ഇത്തിഹാദ് എയർലൈൻസിന്റെ വിമാനത്തിൽ ബാങ്കോക്കിൽ നിന്ന് ദുബായ് വഴിയാണ് ഇവർ കരിപ്പൂരിലെത്തിയത്.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ് മലബാർ റിവർ ഫെസ്റ്റിവലിന് രാവിലെ കോഴിക്കോട് കോടഞ്ചേരി പഞ്ചായത്തിലെ ചാലിപ്പുഴയിൽ തുടക്കമാകും. ചാമ്പ്യൻഷിപ്പ് പുലിക്കയത്ത് ലിന്റോ ജോസഫ് MLA ഉദ്ഘാടനം ചെയ്യും.

ഡെസ്ക് റിപ്പോർട്ട്.

............(വോയ്സ്)...........

ടൂറിസം വകുപ്പും, അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും, DTPC യും, ത്രിതല പഞ്ചായത്തുകളും, ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. ഒളിമ്പിക് ഇനമായ കയാക്കിങ്ങിൽ കേരളത്തിൽനിന്ന് മികച്ച താരങ്ങളെ വളർത്തിയെടുക്കാനാണ് വിദേശതാരങ്ങളെ ഉൾപ്പെടുത്തി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി CEO ബിനു കുര്യാക്കോസ് ആകാശവാണിയോട് പറഞ്ഞു.

(VOICE-BITE)

ഒളിമ്പിക് മത്സരയിനങ്ങളായ പുരുഷ-വനിതാ സ്ലാലോം, എക്സ്ട്രീം സ്ലാലോം എന്നിവ പുലിക്കയത്ത് ചാലിപ്പുഴയിലും, എക്സ്ട്രീം സ്ലാലോം ഫൈനൽ, ഡൗൺ റിവർ, ബോട്ടർ ക്രോസ് എന്നിവ പുല്ലൂരാംപാറയിൽ ഇരുവഴഞ്ഞി പുഴയിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. മറ്റന്നാൾ വൈകിട്ട് സമാപന സമ്മേളനവും സമ്മാനദാനവും മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിവസമായ ഇന്നലെ ഇംഗ്ലണ്ട് ആദ്യ ഇന്നിംഗ്സിൽ രണ്ട് വിക്കറ്റിന് 225 റൺസെടുത്തു. ഒന്നാം ഇന്നിംഗ്സിൽ 358 റൺസിന് ഇന്ത്യ പുറത്തായിരുന്നു. ഇന്ന് വൈകിട്ട് ഇന്ത്യൻ സമയം മൂന്നരയ്ക്ക് മൂന്നാം ദിവസത്തെ കളി ആരംഭിക്കും.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ് ഫൈനലിൽ രണ്ട് ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടും. ഇന്നലെ രണ്ടാം സെമി ടൈബ്രേക്കറിൽ ചൈനീസ് താരത്തെ തോൽപ്പിച്ച് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് ഫൈനലിലെത്തി. കൊനേരു ഹംപി നേരത്തെ ഫൈനൽ ബർത്ത് നേടിയിരുന്നു.

✪✪✪

കാഞ്ഞങ്ങാട് - നീലേശ്വരം ദേശീയപാതയിൽ LPG ടാങ്കർ മറിഞ്ഞതിനെത്തുടർന്ന് കാഞ്ഞങ്ങാട് സൗത്ത് മുതൽ ഐങ്ങോത്ത് വരെ മൂന്ന് വാർഡുകളിൽ ഇന്ന് പ്രാദേശിക അവധി നൽകി. സ്കൂളുകൾക്കും അങ്കണവാടികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. ടാങ്കർ ഉച്ചയോടെ ഉയർത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് പ്രതിനിധി P. ജഗന്നിവാസൻ.

......(വോയ്സ്) ......

✪✪✪

തിരുവനന്തപുരം ജില്ലയിൽ മുണ്ടിനീര് ബാധിക്കുന്നവരുടെ എണ്ണം വീണ്ടും ഉയരുന്നു. ആരോഗ്യ വകുപ്പിന്റെ കണക്ക് അനുസരിച്ച് ഈ മാസം 117 പേർക്കാണ് ജില്ലയിൽ മുണ്ടിനീര് സ്ഥിരീകരിച്ചത്. കുട്ടികളിലും യുവാക്കളിലുമാണ് ഏറ്റവും കൂടുതൽ രോഗ ബാധ.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ ആദ്യഘട്ട പരിശോധന സംസ്ഥാനത്ത് ഇന്ന് ആരംഭിക്കും. ആഗസ്റ്റ് 25 നകം പരിശോധന പൂർത്തിയാക്കും. ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിലെ രണ്ട് വീതം എഞ്ചിനീയർമാരാണ് ഓരോ ജില്ലയിലും യന്ത്രങ്ങൾ പരിശോധിക്കുന്നത്.

✪✪✪

കണ്ണൂർ ആറളത്തെ കാട്ടാനശല്യവും മനുഷ്യ-വന്യജീവി സംഘർഷവും ഉൾപ്പെടെ കേസ് പരിഗണിക്കുന്ന ഹൈക്കോടതി ജഡ്ജിമാർ ഇന്നലെ ഫാമും പുനരധിവാസ മേഖലയും സന്ദർശിച്ചു. ഡിവിഷൻ ബെഞ്ചിലെ ജസ്റ്റിസുമാരായ A.K ജയശങ്കരൻ നമ്പ്യാർ, PM മനോജ് എന്നിവരാണ് ഫാം സന്ദർശിച്ചത്. തുടർന്ന് ജില്ലാ കളക്ടർ ഉൾപ്പെടെ വിവിധ വകുപ്പ് മേധാവികളുടെ സാന്നിധ്യത്തിൽ ഫാം പ്രധാന ഓഫീസിൽ അവലോകനയോഗവും ചേർന്നു. മനുഷ്യാവകാശപ്രവർത്തകൻ സുൽത്താൻ ബത്തേരി സ്വദേശി ബൈജു പോൾ മാത്യൂസ് നൽകിയ പൊ തുതാത്പര്യഹർജിയെ തുടർന്നാണ് സന്ദർശനം.

✪✪✪

തിരുവല്ല മന്നംകരച്ചിറയിൽ കാർ കുളത്തിൽ വീണ് യുവാവ് മരിച്ചു. കാരയ്ക്കൽ സ്വദേശി ജയകൃഷ്ണൻ ആണ് മരിച്ചത്.

✪✪✪

വാഗമൺ ചാത്തൻപാറയിൽ കാൽ തെറ്റി വീണ് വിനോദസഞ്ചാരി മരിച്ചു. എറണാകുളം സ്വദേശി തോബിയാസ് ആണ് ഇന്നലെ രാത്രി അപകടത്തിൽ മരിച്ചത്.

✪✪✪

തൃശ്ശൂർ മണലൂരിലെ അഗതി മന്ദിരത്തിൽ മരിച്ച അരിമ്പൂർ കൈപ്പിള്ളി തോമസിന്റെ മൃതദേഹം വീട്ടിൽ കയറ്റാനാകാതെ പുറത്ത് കിടത്തിയ സംഭവത്തിൽ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ജില്ലാ സാമൂഹിക നീതി ഓഫീസറോട് റിപ്പോർട്ട് തേടി. കഴിഞ്ഞ ബുധനാഴ്ച രാവിലെയായിരുന്നു തോമസിന്റെ മരണം.

✪✪✪

---

.

*News Editor & News Reader : അനിൽ ചന്ദ്രൻ*
*NRTs: ഹബീബ് റഹ്മാൻ, ശ്രീജി മോൾ*
*DEO : ഷീബ*

आकाशवाणी